പ്രകാശവചനം ● സി.എം റഫീഖ് കോക്കൂർ

# സ്വർഗം ഉറപ്പു നൽകുന്ന രണ്ട് കാര്യങ്ങൾ

عن سهل بن سعد رَضِيَ اللَّهُ عَنْهُ قال: قَالَ رَسُولُ اللهِ ﷺ مَنْ يَضْمَنْ لِي مَابينَ لَحْيَيْهِ وَمَا بَيْنَ رِجْلَيْهِ أَضْمَن لَهُ الْجَنَّةَ

സഹ്‌ലുബ്നു സഅ്ദി(റ)ൽനിന്ന് നിവേദനം: നബി(സ) അരുളി: തന്റെ ര് താടിയെല്ലുകൾക്കിടയിൽ സ്ഥിതി ചെയ്യുന്നതും (നാവ്), ര് കാലുകൾക്കിടയിൽ സ്ഥിതി ചെയ്യുന്നതും (ജനനേന്ദ്രിയം) നിയന്ത്രിച്ചു നിർത്താമെന്ന് എന്നോട് കരാർ ചെയ്യുന്നവന്, സ്വർഗം ലഭിക്കുമെന്ന് ഞാൻ ഉറപ്പു നൽകുന്നു (ബുഖാരി).

ധാർമികച്യുതി അതിന്റെ പരമകാഷ്ഠയിലെത്തി നിൽക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ ഏറെ പ്രസക്തമാണീ പ്രവാചക വചനം. വ്യക്തിയെ സദാചാരത്തകർച്ചയിലേക്ക് നയിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്ന രണ്ടവയവങ്ങളാണ് നാവും ജനനേന്ദ്രിയവും. അവയുടെ തെററായ ഉപയോഗമാണ് സമൂഹത്തിൽ ധാർമികാധഃപതനത്തിന് നാന്ദികുറിക്കുന്നത്. നാവിന്റെയും ജനനേന്ദ്രിയത്തിന്റെയും നിയന്ത്രണം നഷ്ടപ്പെട്ടവന്, മറ്റവയവങ്ങളിന്മേലുള്ള നിയന്ത്രണം നഷ്ടപ്പെടുക സ്വാഭാവികമാണ്. അതവനെ സർവ നാശത്തിലേക്കാണ് കൊണ്ടെത്തിക്കുക.

നാവിന്റെയും ജനനേന്ദ്രിയത്തിന്റെയും നിയന്ത്രണം സാധ്യമായാൽ, മറ്റവയവങ്ങളെ നിയന്ത്രിക്കുക താരതമ്യേന എളുപ്പമായിരിക്കും. കാരണം, ഇവയുടെ നിയന്ത്രണം ദുഷ്കരമാണെന്നത് തന്നെ. ജീവിത വിശുദ്ധിയുടെ ഉയർന്ന വിതാനത്തിലേക്കെത്താൻ ഈ നിയന്ത്രണം അവനെ പ്രാപ്തനാക്കുകയും ചെയ്യും. അതിനാലാണ് ദേഹേച്ഛകൾക്ക് വശംവദരാകാതെ ആത്മനിയന്ത്രണശേഷി നേടിയെടുക്കുന്നവന് പ്രവാചകൻ സ്വർഗം ഉറപ്പ് നല്കുന്നത്.

'ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ അവൻ നല്ലത് മാത്രം പറയട്ടെ. അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ' എന്നാണ് നബി(സ) പഠിപ്പിച്ചിട്ടുള്ളത്. കളവ്, പരദൂഷണം, പരിഹാസം, ഏഷണി, കുത്തുവാക്ക്, അസഭ്യം തുടങ്ങി നാവ് കൊണ്ടുള്ള അക്രമങ്ങൾ പലതാണ്. അവയൊക്കെയും സമൂഹത്തിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ അതീവ ഗുരുതരങ്ങളുമാണ്. ആയുധങ്ങൾ കൊണ്ടുണ്ടാകുന്ന മുറിവുകൾ ഉണങ്ങിയേക്കാമെങ്കിലും വാക്കുകൾ മനസ്സിനുണ്ടാക്കുന്ന പല മുറിവുകളും ഒരിക്കലും ഉണങ്ങാതെ ജീവിതകാലം മുഴുവൻ നമ്മെ വേദനിപ്പിച്ചുകൊണ്ടിരിക്കും. അതിനാൽ സഹജീവികൾക്ക് നന്മയാകുന്ന വാക്കുകൾ മാത്രം ഉരിയാടുക. പരസ്പര ബന്ധം തകരാനിടയാക്കുന്നതൊന്നും ഒരിക്കലും സംസാരിക്കാതിരിക്കുക.

ലൈംഗികാതിക്രമങ്ങൾ മുമ്പെങ്ങുമില്ലാത്ത വിധം സമൂഹത്തിൽ വർധിച്ചിരിക്കുകയാണ്. സ്ത്രീ പീഡനങ്ങൾ നിത്യ സംഭവങ്ങളായി മാറുകയും കുടുംബത്തിൽ പോലും സ്ത്രീക്ക് സുരക്ഷിതത്വം നഷ്ടപ്പെടുകയും ചെയ്യുന്ന അനുഭവങ്ങൾ നിരവധിയാണ്. ഓർഡിനൻസുകൾ കൊണ്ടൊന്നും പരിഹരിക്കാനാകാത്ത ഇത്തരം ലൈംഗിക പേക്കൂത്തുകൾക്ക് യഥാർഥ പരിഹാരം, വിശ്വാസത്താൽ പ്രചോദിതമായ മനസ്സാക്ഷിയെ വളർത്തിയെടുക്കുക എന്നതാണ്. ശിക്ഷാ നടപടികൾ പോലും,അതിനൊപ്പം ചേർന്ന് നിൽക്കുമ്പോൾ മാത്രമേ പ്രയോജനപ്പെടുകയുള്ളൂ. അനുവദനീയമായ രൂപത്തിലുള്ള ഭാര്യാ ഭർതൃ ബന്ധം ഒഴിച്ചുള്ള സകലവിധ ലൈംഗിക ബന്ധങ്ങളും ഗുരുതരമായ ദൈവിക ശാപത്തിനും ഇഹപര നഷ്ടത്തിനും ഇടവരുത്തുമെന്ന് ഭയക്കുന്ന ഒരു ജനവിഭാഗത്തിന് മാത്രമേ വിശുദ്ധ സംസ്കാരത്തെ വളർത്തിയെടുക്കാനാവൂ. ■